# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4430** **13.11.2019-ൽ മറുപടിയ്ക്ക്**

## നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ ഐ.ടി.ഐയുടെ വികസനം

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.സി.ദിവാകരൻ** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ പട്ടികജാതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഐ. ടി. ഐ യുടെ വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ പട്ടികജാതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പേരുമല ഐ.ടി.ഐ. കെട്ടിടത്തിന്റെ ഇലക്ട്രിക്കൽ മെയിന്റനൻസ് 81,500/-രൂപ ചെലവിൽ പി.ഡബ്ല്യു.ഡി പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ പേരുമല ഐ.ടി.ഐ.യ്ക്ക് അടിസ്ഥാന സൗകര്യങ്ങളോടുകൂടി പുതിയ ഓഫീസ് റൂം, കമ്പ്യൂട്ടർ റൂം, കമ്പ്യൂട്ടർ ലാബ് എന്നിവയുടെ നിർമ്മാണത്തിനായി പി.ഡബ്ല്യു.ഡി.യ്ക്ക് 28 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നിലവിൽ ഈ ഐ.ടി.ഐ.യിൽ പരിശീലനം നൽകുന്നത് പ്ലംബർ ട്രേഡിലാണ്. ഇവിടെ കൂടുതൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനു ഉദ്ദേശിച്ചുകൊണ്ട് പുതിയ കെട്ടിട നിർമ്മാണത്തിനുള്ള പ്രാരംഭ നടപടിയായി മണ്ണ് പരിശോധനയും ടോട്ടൽ സ്റ്റേഷൻ സർവ്വെയും നടത്തുന്നതിലേയ്ക്കായി 5 ലക്ഷം രൂപ പി.ഡബ്ല്യു.ഡി.യ്ക്ക് അനുവദിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | പ്രസ്തുത ഐ.ടി.ഐ.യുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് തുക അനുവദിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | | |
| (സി) | പ്രസ്തുത ഐ.ടി.ഐ.യിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകാമോ? | (സി) | പേരുമല ഐ.ടി.ഐയിൽ നിലവിലുള്ള കെട്ടിട സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി നിലവിൽ പരിശീലനം നൽകുന്ന പ്ലംബർ ട്രേഡിന്റെ ഒരു അഡീഷണൽ യൂണിറ്റ് (ബാച്ച്) കൂടി ആരംഭിക്കുന്നതിനും വെൽഡർ ട്രേഡിന്റെ പുതിയ കോഴ്സ് ആരംഭിക്കുന്നതിനുമുള്ള അനുമതിയ്ക്കായി സർക്കാരിൽ ശുപാർശ ലഭിച്ചിട്ടുണ്ട്. എന്നാൽ പുതിയ കെട്ടിടം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പുതിയ ട്രേഡുകൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്
## (നിലവിൽ ശ്രീ. പി. എം. അലി അസ്ഗർ പാഷ ഐ.എ.എസ്)

വിഷയം :- പട്ടികജാതി വികസനം - പേരൂമല ഐ.ടി.ഐ - ഇലക്ട്രിക്കൽ മെയിന്റനൻസ് ചെയ്യുന്നതിനായി അനുമതി നൽകി ഉത്തരവാകുന്നു.

സൂചന :- ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടറുടെ 14.03.17 തീയതിയിലെ എ4-863/15 നമ്പർ കത്ത്.

===

ഉത്തരവ് നമ്പർ : റ്റി1-22901/15

തീയതി : 28.03.2017.

===

പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ദക്ഷിണമേഖലയുടെ പരിധിയിൽ ഉൾപ്പെട്ട പേരൂമല ഐ.ടി.ഐ -യിൽ ക്ലാസ്സ്മുറികളിലെയും പ്രാക്ടിക്കൽ ഹാളിലെയും ലൈറ്റുകളും ഫാനുകളും പ്രവർത്തനരഹിതമാണെന്നും പ്രവർത്തന രഹിതമായ ലൈറ്റ്, ഫാൻ, സ്വിച്ച് ബോർഡ് എന്നിവ റിപ്പയർ ചെയ്യേണ്ടതിനും അതോടൊപ്പം കെട്ടിടത്തിനകത്തും പുറത്തുമുള്ള ലൈറ്റുകൾക്ക് പകരം എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിനുമായി പി.ഡബ്ല്യൂ.ഡി അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, തിരുവനന്തപുരം തയ്യാറാക്കിയ 81,500/- (എൺപത്തൊന്നായിരത്തി അഞ്ഞൂറു രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ടി തുക ഭരണാനുമതി നൽകണമെന്ന് സൂചന പ്രകാരം ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ അപേക്ഷിച്ചിരിക്കുന്നു.

പേരൂമല ഐ.ടി.ഐ -യിലെ ട്രെയിനികളുടെ പരിശീലനം സുഗമമാക്കുന്നതിനും വൈദ്യുതിയുടെ ഉപഭോഗം കുറയ്ക്കുന്നതിനും സൂചന പ്രകാരം ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ ശുപാർശ ചെയ്ത് സമർപ്പിച്ച പ്രകാരം ട്യൂബ്ലൈറ്റുകൾ മാറ്റി എൽ.ഇ.ഡി ട്യൂബ് ലൈറ്റുകൾ ഫിറ്റ് ചെയ്യുന്നതിനും സീലിംഗ് ഫാനുകൾ മാറ്റുന്നതിനും, വയറിംഗ് സർക്ക്യൂട്ട് തകരാറുകൾ പരിഹരിക്കുക, സെപ്പറേറ്റ് എർത്തിംഗ് നൽകുക എന്നീ മെയിന്റനൻസ് വർക്കുകൾക്കുമായി സമർപ്പിച്ചിരിക്കുന്ന എസ്റ്റിമേറ്റ് അംഗീകരിച്ച് തുക അനുവദിക്കാവുന്നതാണെന്ന് കാണുന്നു.

മേൽ സാഹചര്യത്തിൽ പേരൂമല ഐ.ടി.ഐ -യിൽ ഇലക്ട്രിക്കൽ മെയിന്റനൻസ് ചെയ്യുന്നതിനായി പി.ഡബ്ല്യൂ.ഡി അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, തിരുവനന്തപുരം തയ്യാറാക്കി ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ ശുപാർശ ചെയ്ത് സമർപ്പിച്ച 81,500/- (എൺപത്തൊന്നായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് തുക അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഇതിലേയ്ക്കാവശ്യമുള്ള തുക നടപ്പു സാമ്പത്തിക വർഷത്തെ 2225-01-277-57-34-ഒ.സി.(പി) എന്ന ശീർഷകത്തിൽ നിന്നും മേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ തേർച്ച ചെയ്ത് ഡി.ഡി/ട്രാൻസ്ഫർ ക്രെഡിറ്റായി പി.ഡബ്ല്യൂ.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ,

ഇലക്ട്രിക്കൽ ഡിവിഷൻ, തിരുവനന്തപുരത്തിന് നൽകേണ്ടതും, തുക വിനിയോഗ വിവരം പി.ഡബ്ല്യൂ.ഡി -യിൽ നിന്ന് ലഭ്യമാക്കി സമയബന്ധിതമായി ഈ ആഫീസിലേയ്ക്ക് സമർപ്പിക്കേണ്ടതുമാണ്.

(ഒപ്പ്)
ഡയറക്ടർ

ട്രെയിനിംഗ് ഇൻസ്പെക്ടർ,
ദക്ഷിണമേഖല.

പകർപ്പ് :-
1. ട്രെയിനിംഗ് സൂപ്രണ്ട്, ഐ.ടി.ഐ, പേരൂമല
2. പി.ഡബ്ല്യൂ.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, തിരുവനന്തപുരം
3. ഫിൻ സെക്ഷൻ (അലോട്ട്മെന്റ്)
4. പ്ലാനിംഗ് സെക്ഷൻ
5. ടെക്നിക്കൽ സെക്ഷൻ
6. സ്റ്റോക്ക് ഫയൽ/സ്പെയർ.

ഡയറക്ടർക്കുവേണ്ടി
ട്രെയിനിംഗ് ഓഫീസർ

S 29.03.17

സെക്ഷൻ ഓഫീസർ

# പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്
## (നിലവിൽ പി.എം.അലി അസ്ഗർ പാഷ, ഐ.എ.എസ്)

വിഷയം : പട്ടികജാതി വികസനം - പേരുമല ഐ.റ്റി.ഐയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പ്രാഥമിക പ്രവൃത്തികൾ ചെയ്യുന്നതിനായി അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

സൂചന : ദക്ഷിണമേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടറുടെ 01.10.2018 ലെ എ4 - 911/18 നം. കത്ത്.

---

ഉത്തരവ് നമ്പർ :റ്റി1 - 15084/18

തീയതി: 23.10.2018

---

പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ദക്ഷിണമേഖലയുടെ പരിധിയിൽ ഉൾപ്പെട്ട പേരുമല ഐ.റ്റി.ഐയിൽ പുതിയ ട്രേഡ് തുടങ്ങുന്നതിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് സ്ട്രക്ച്ചറൽ ഡിസൈനിംഗിനാവശ്യമായ സോയിൽ ടെസ്റ്റും ടോട്ടൽ സ്റ്റേഷൻ സർവ്വേയും നടത്തുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ പി.ഡബ്ല്യൂ.ഡി കെട്ടിട വിഭാഗം, നെടുമങ്ങാട് തയ്യാറാക്കിയ 5,00,000/- രൂപയുടെ (അഞ്ച് ലക്ഷം രൂപ മാത്രം) എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി നൽകണമെന്ന് സൂചന പ്രകാരം ദക്ഷിണമേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടർ അപേക്ഷിച്ചിരുന്നു.

പേരുമല ഐ.റ്റി.ഐയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് മേൽ പരാമർശിച്ച പ്രാഥമിക പ്രവൃത്തികൾ നടത്തേണ്ടത് ആവശ്യമാണെന്ന് കാണുന്നതിനാൽ സൂചന പ്രകാരം ദക്ഷിണമേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടർ ശുപാർശ ചെയ്തു സമർപ്പിച്ച 5,00,000/- രൂപയുടെ (അഞ്ച് ലക്ഷം രൂപ മാത്രം) എസ്റ്റിമേറ്റ് അംഗീകരിച്ച് തുക അനുവദിക്കാവുന്നതായി കാണുന്നു.

മേൽ സാഹചര്യത്തിൽ പേരുമല ഐ.റ്റി.ഐയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സ്ട്രക്ച്ചറൽ ഡിസൈനിംഗിനാവശ്യമായ പ്രവൃത്തികൾ ചെയ്യുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ പി.ഡബ്ല്യൂ.ഡി ബിൽഡിംഗ് ഡിവിഷൻ, നെടുമങ്ങാട് തയ്യാറാക്കി ദക്ഷിണമേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടർ ശുപാർശ ചെയ്തു സമർപ്പിച്ച 5,00,000/- രൂപയുടെ (അഞ്ച് ലക്ഷം രൂപ മാത്രം) എസ്റ്റിമേറ്റ് അംഗീകരിച്ച് പ്രവൃത്തി ചെയ്യുന്നതിനുള്ള തുക അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഇതിലേയ്ക്കാവശ്യമുള്ള തുക നടപ്പു സാമ്പത്തിക വർഷത്തെ 2225-01-277-57-34- OC (P) എന്ന ശീർഷകത്തിൽ നിന്നും ദക്ഷിണമേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടർ തേർച്ച ചെയ്തു അസിസ്റ്റന്റ് എഞ്ചിനീയർ പി.ഡബ്ല്യൂ.ഡി ബിൽഡിംഗ് സെക്ഷൻ, നെടുമങ്ങാടിന് നൽകേണ്ടതും പ്രവൃത്തിയുടെ പുരോഗതി, പൂർത്തീകരണം, തുക വിനിയോഗ വിവരം എന്നിവ സമയ ബന്ധതമായി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഒപ്പ്)
ഡയറക്ടർ

ട്രെയിനിംഗ് ഇൻസ്പെക്ടർ, ദക്ഷിണ മേഖല

പകർപ്പ് :
1. ട്രെയിനിംഗ് സൂപ്രണ്ട്, പേരുമല ഐ.റ്റി.ഐ (യഥാസമയം പ്രവൃത്തി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും പുരോഗതി റിപ്പോർട്ട് ചെയ്യുന്നതിനും)
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ പി.ഡബ്ല്യൂ.ഡി ബിൽഡിംഗ് ഡിവിഷൻ, തിരുവനന്തപുരം.
3. അസിസ്റ്റന്റ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി കെട്ടിട വിഭാഗം, നെടുമങ്ങാട്
4. ഫിൻ/പ്ലാനിംഗ് സെക്ഷൻ
5. ടെക്നിക്കൽ സെക്ഷൻ
6. കരുതൽ ഫയൽ/സ്പെയർ

ഡയറക്ടർക്കുവേണ്ടി
റ്റു ട്രെയിനിംഗ് ആഫീസർ

SU 23.10.2018

സെക്ഷൻ ഓഫീസർ

# പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്
## (നിലവിൽ പി.എം.അലി അസ്ഗർ പാഷ, ഐ.എ.എസ്)

വിഷയം :- പട്ടികജാതി വികസനം - പേരുമല ഐ.റ്റി.ഐ.- യിൽ ഓഫീസ് റൂം, കമ്പ്യൂട്ടർ റൂം എന്നിവ നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം :- ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്‌പെക്ടറുടെ 03.12.2018-ലെ എ2-437/18(എ) നമ്പർ കത്ത്.

---

ഉത്തരവ് നമ്പർ: റ്റി1 - 39244/16

തീയതി: 23.07.2019

---

പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ദക്ഷിണമേഖലയുടെ പരിധിയിൽ ഉൾപ്പെട്ട പേരുമല ഐ.റ്റി.ഐ. യിൽ അടിസ്ഥാന സൗകര്യങ്ങളോട് കൂടി കമ്പ്യൂട്ടർ ലാബ്, ഓഫീസ് റൂം എന്നിവ നിർമ്മിക്കുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർ പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ് ഡിവിഷൻ തയ്യാറാക്കിയ 28,00,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് പ്രവൃത്തി ചെയ്യുന്നതിനുള്ള അനുമതി നൽകണമെന്ന് സൂചന പ്രകാരം ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്‌പെക്ടർ അപേക്ഷിച്ചിരുന്നു.

പേരുമല ഐ.റ്റി.ഐ.-യിൽ അടിസ്ഥാന സൗകര്യങ്ങളോട് കൂടിയ കമ്പ്യൂട്ടർ ലാബ്, ഓഫീസ് റൂം എന്നിവ നിർമ്മിക്കേണ്ടത് ആവശ്യമാണെന്ന് കാണുന്നതിനാൽ പരാമർശ പ്രകാരം ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്‌പെക്ടർ ശുപാർശ ചെയ്ത് സമർപ്പിച്ച 28,00,000/- (ഇരുപത്തിയെട്ട് ലക്ഷം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് പ്രവൃത്തി ചെയ്യുന്നതിന് തുക അനുവദിക്കാവുന്നതായി കാണുന്നു.

മേൽ സാഹചര്യത്തിൽ പേരുമല ഐ.റ്റി.ഐ.-യിൽ മേൽ പരാമർശിച്ച പ്രവൃത്തി ചെയ്യുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ് ഡിവിഷൻ തിരുവനന്തപുരം തയ്യാറാക്കി ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്‌പെക്ടർ ശുപാർശ ചെയ്ത് സമർപ്പിച്ച 28,00,000/- (ഇരുപത്തിയെട്ട് ലക്ഷം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് പ്രവൃത്തി ചെയ്യുന്നതിനുള്ള അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

ഇതിലേക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ 2225-01-277-57-34 ഒ.സി. (പി) എന്ന ശീർഷകത്തിൽ നിന്നും ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ തേർച്ച ചെയ്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ് ഡിവിഷൻ തിരുവനന്ത പുരത്തിന് നൽകേണ്ടതും, പ്രവൃത്തിയുടെ പുരോഗതി, പൂർത്തീകരണം, തുക വിനിയോഗ വിവരം എന്നിവ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഒപ്പ്)
ഡയറക്ടർ

ട്രെയിനിംഗ് ഇൻസ്പെക്ടർ
ദക്ഷിണമേഖല

പകർപ്പ് :-

1) എക്സിക്യൂട്ടീവ് എഞ്ചിനീയർ പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ് ഡിവിഷൻ, തിരുവനന്തപുരം
2) ട്രെയിനിംഗ് സൂപ്രണ്ട്, പേരുമല ഐ.റ്റി.ഐ. (പ്രവൃത്തി നിരീക്ഷിച്ച് യഥാസമയം നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും, പുരോഗതി റിപ്പോർട്ട് ചെയ്യുന്നതിനും)
3) ടെക്നിക്കൽ സെക്ഷൻ
4) ട്രെയിനിംഗ് ഓഫീസർ
5) ഫിൻ, പ്ലാനിംഗ് സെക്ഷൻ
6) കരുതൽ ഫയൽ/ അധികം

ഡയറക്ടർക്കുവേണ്ടി
ട്രെയിനിംഗ് ഓഫീസർ

എസ്.കെ. 25.07.2019

സെക്ഷൻ ഓഫീസർ